(ബി) ഇങ്ങനെയാണ് പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളാക്കി ഉയർത്തിയിട്ടുണ്ട്. (റിസ്ക് അനാലിസിസായി ചേർത്തിരിക്കുന്നു.)*

സി.എച്ച്.സി.-കളിലും കിടത്തി ചികിത്സ

13(710) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ സി.എച്ച്.സി.-കളിലും കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ടോ; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) കിടത്തി ചികിത്സയില്ലാത്ത സി.എച്ച്.സി.-കളിൽ, കിടത്തി ചികിത്സ ഉടൻ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടില്ല. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം-21 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

2. കൊല്ലം-12 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

3. ആലപ്പുഴ-സാമൂഹികാരോഗ്യ കേന്ദ്രം ചെന്നിത്തല ഒഴികെയുള്ള എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

4. കോട്ടയം-18 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

5. ഇടുക്കി-4 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഒഴികെയുള്ള മറ്റെല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

6. പത്തനംതിട്ട-5 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

7. എറണാകുളം- എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

8. തൃശ്ശൂർ-20 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

* മറുപടിയിൽ വ്യത്യാസം.

LIBRARY ARCHIVES Kerala Legislative Assembly

9. പാലക്കാട്-18 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

10. മലപ്പുറം-16 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

11. കോഴിക്കോട്-7 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ഉള്ള്യേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ഇപ്പോൾ കിടത്തി ചികിത്സ ഇല്ല.

12. വയനാട്-8 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

13. കണ്ണൂർ-7 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

14. കാസർഗോഡ്- എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കിടത്തി ചികിത്സ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, സ്റ്റാഫുകളുടെ എണ്ണം, ശരാശരി ഒ.പി., കിടക്കകളുടെ എണ്ണം, സമീപത്തെ കിടത്തി ചികിത്സ സൗകര്യങ്ങളുള്ള ആശുപത്രികളുമായുള്ള അകലം എന്നിവയെ അടിസ്ഥാനമാക്കി ശിശുമരണം സംഭവിക്കുന്ന മുറയ്ക്ക് കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സേഫ് കേരള പദ്ധതി

14(711) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ;

(സി) സേഫ് കേരള പദ്ധതി പ്രകാരം മെഡിക്കൽ ഓഡിറ്റുകളിൽ പരിശോധന നടത്തുന്നതിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly